പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1716

07/03/2018-ൽ മറുപടിക്ക്

## പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.കെ. ഹരീന്ദ്രൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | പതിനെട്ടുവയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഏതൊക്കെ രോഗത്തിനുള്ള ചികിത്സയാണ് സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകുന്നത് ; ഇതിലേക്കായി വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; അറിയിക്കാമോ; | എ) | പതിനെട്ടു വയസ്സുവരെയുള്ള കുട്ടികൾക്ക് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യകാര്യക്രം പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന മുപ്പത് രോഗങ്ങൾ ഒഴികെയുള്ള എല്ലാ ജീവൻ രക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം എല്ലാ സർക്കാർ ആശുപത്രികൾ മുഖേനയും സൗജന്യമായി ലഭിക്കുന്നതാണ്. എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരും (ആദായനികുതി ദായകർ, സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ, അവരുടെ ആശ്രിതർ എന്നിവർ ഒഴികെ ആരോഗ്യകിരണം പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. |
| ബി) | ഇത്തരത്തിൽ ചികിത്സ ലഭ്യമാക്കുന്നതിന് സ്വകാര്യമേഖലയിലെ ഏതെങ്കിലും ആശുപത്രിയെ റഫറൽ ആശുപത്രികളായി നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | ബി) യും സി) യും | ഹൃദ്യം എന്നത് പുതിയ പദ്ധതിയാണ്. കുട്ടികളിലെ ഹൃദയ രോഗത്തിന് Amritha, Aster, Believers Church Hospital, തിരുവല്ല എന്നീ ആശുപത്രികളെ റഫറൽ ആശുപത്രിയായി നിശ്ചയിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| സി) | പതിനെട്ടുവയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് പുതിയതായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ